
No. 170

January 2002

# KERALA PRIVATE COLLEGE TEACHER




THE ALL KERALA PRIVATE COLLEGE TEACHERS' ASSOCIATION



# എ.കെ.പി.സി.ടി.എ

## 44-ാം
## സംസ്ഥാന സമ്മേളനം

**2002 മാർച്ച് 8,9,10**

**കോഴിക്കോട്**


KERALA PRIVATE COLLEGE TEACHER

EDITORIAL BOARD

Chief Editor
K. JAGANNATHAN NAIR

Managing Editor
S. JAYARAJ KUMAR

Assistant Editor
V. JAYAKUMAR

Members
Thomas Joseph
A. Prathapachandran Nair
V. Rajagopalan
M.P. Vijayalekshmi
K. Sasidharan
T.N. Manoharan
K.S. Pavithran
Dr. R.B. Rajalekshmi
M. Shahul Hammed
J. Raju
G.S. Suresh
Mathew J. Muttath
M. S. Vasantha Kumar
M.D. Ratheesh Kumar
Dr. C. R. Prasad

KERALA PRIVATE
COLLEGE TEACHER
MONTHLY JOURNAL OF THE AKPCTA
JANUARY 2002



# No. 170

contents

6 *Golobalisation and Kerala Society*
*Dr. Varghese George*

9 *Distance Education the new Eldorado For Commercial Adventurism*
*- Prof. Thomas Joseph*

15 കൃഷ്ണശില (കവിത)
- പ്രൊഫ. ടി. ഗിരിജ

എഡിറ്റോറിയൽ ........ 4
പ്രവർത്തക സമിതി തീരുമാനങ്ങൾ ........ 5
സ്മൃതിരേഖകൾ ........ 17
പുസ്തകലോകം ........ 19
വനിതാവേദി ........ 20
*The Economic Focus* ........ 21
സർവീസ് പംക്തി ........ 22
ശാസ്ത്രജാലകം ........ 23
*Sports Line* ........ 26

കവർ ഡിസൈൻ: കാരയ്ക്കാമണ്ഡപം വിജയകുമാർ

## എഡിറ്റോറിയൽ

# ആന്റണിയുടെ യുദ്ധപ്രഖ്യാപനം

ആന്റണി സർക്കാർ കേരള ജനതയെ സർവ്വനാശത്തിലേക്ക് നയിക്കുന്നു. യു.ഡി.എ ഫും ക്യാബിനററും എടുത്ത തീരുമാനങ്ങൾ നാലരലക്ഷം ജീവനക്കാരോടും അവരുടെ കുടുംബങ്ങളോടുമുള്ള യുദ്ധപ്രഖ്യാപനമാണ്. മൂന്നരകോടി വരുന്ന കേരള ജനതയിൽ ഏതു വിഭാഗത്തിന്റെ രക്ഷയ്ക്കുവേണ്ടിയാണ് ജീവനക്കാരുടെ കഴുത്തിന് കത്തിവയ്ക്കാൻ ആന്റണി തീരുമാനിച്ചതെന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. കർഷകർ, തൊഴിലാളികൾ, ചെറുകിട വ്യവസായികൾ, തൊഴിൽ രഹിതരായ യുവാക്കൾ, വിദ്യാർത്ഥികൾ തുടങ്ങിയ ജനവിഭാഗത്തിന്റെ നീറുന്ന പ്രശ്നങ്ങളിൽ ഒന്നുപോലും പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ തീരുമാനങ്ങളിൽ പെട്ടിട്ടില്ല. വൻകിടവ്യവസായികൾ, അബ്കാരികൾ, വിദ്യാഭ്യാസകച്ചവടക്കാർ, ജാതി-മത-ഭീകരവാദികൾ എന്നിവർക്ക് നൽകിയ വാഗ്ദാനങ്ങൾ നടപ്പിലാക്കുന്നതിനുള്ള തത്രപ്പാടിലാണ് ഈ ഗവൺമെന്റ്.

അരനൂററാണ്ടുകാലത്തെ നിരന്തര പോരാട്ടങ്ങളിലൂടെ നേടിയെടുത്ത ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾക്ക് നേരെയുള്ള അതിനീചമായ ചാവേർ ആക്രമണമാണ് ആന്റണി നടത്തിയിരിക്കുന്നത്. അധ്യാപകരേയും ജീവനക്കാരേയും ശത്രുക്കളപ്പോലെയാണ് ഈ സർക്കാർ കാണുന്നത്. നിയമന നിരോധനം, വേതനം തടഞ്ഞുവയ്ക്കൽ, പെൻഷൻ ആനുകൂല്യങ്ങൾ കവർന്നെടുക്കൽ, ലീവ്സറണ്ടർ നിറുത്തലാക്കൽ തുടങ്ങി നിരവധി കിരാത നിയമങ്ങൾ നടപ്പിലാക്കിക്കൊണ്ട്, പ്രതിമാസ ശമ്പളത്തെ മാത്രം ആശ്രയിച്ചു കഴിയുന്ന കുടുംബങ്ങളെ കൂട്ട ആത്മഹത്യയിലേക്ക് തള്ളിവിടുകയാണ് ചെയ്തിരിക്കുന്നത്. കേരള ജനത ഈ കാട്ടാളത്തം പൊറുക്കില്ല.

വിദ്യാഭ്യാസമേഖലയിലും സേവനമേഖലയിലും അരക്ഷിതാവസ്ഥ സൃഷ്ടിക്കുന്നതിനും പൊതുജനങ്ങളെ സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കുമെതിരെ തിരിച്ചു വിടുന്നതിനുമാണ് സർക്കാർ ശ്രമിക്കുന്നത്. കള്ള്, കൊപ്ര, കോഴി തുടങ്ങിയ അഴിമതികൾ കൊണ്ടും, പിടിപ്പുകേടുകൊണ്ടും ഖജനാവ് കാലിയാക്കിയിട്ട്, ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്നതുകൊണ്ടാണ് സാമ്പത്തിക പ്രതിസന്ധിയെന്ന് വിളിച്ചുകൂവുകയും ചെയ്യുകയാണ് ആന്റണിയും കൂട്ടരും. പോലീസ് വെടിവയ്പ്, കള്ള്, കൊപ്ര, കോഴിക്കോഴകൾ, മതഭീകരപ്രവർത്തനങ്ങൾ, മന്ത്രിമാരാടക്കമുള്ളവരുടെ സ്ത്രീപീഡനക്കേസുകൾ തുടങ്ങി അതീവ ലജ്ജാകരമായ വാർത്തകളല്ലാതെ മാധ്യമങ്ങൾക്ക് കഴിഞ്ഞ എട്ടു മാസക്കാലമായി വേറെ വാർത്തകളില്ല. അതിക്രൂരമാണീ ഭരണം. സി.പി.യെപ്പോലും നാണിപ്പിക്കുന്നു ആന്റണി. സി.പി.ക്കുണ്ടായ അനുഭവം ഓർക്കുക. മൃഗീയ ഭൂരിപക്ഷത്തിൽ അഹങ്കരിക്കേണ്ടതില്ല. ഒപ്പം നിൽക്കുന്നവരിലും മനുഷ്യത്വമുള്ളവരുണ്ടെങ്കിൽ ഈ കസേരകൾ തെറിച്ചുപോകും. കേരള ജനതയെ കഴുതകളാക്കരുത്. ജനുവരി ഒൻപത്, പത്ത് തീയതികളിൽ കേരളത്തിലെ ജീവനക്കാർ പ്രകടിപ്പിച്ച ഐക്യദാർഢ്യം കണ്ണുതുറന്നു കാണണം. ദ്രോഹകരമായ തീരുമാനങ്ങൾ പിൻവലിക്കണം. അല്ലെങ്കിൽ 'ഈഡിപ്പസ് രാജാവി'നെപ്പോലെ സ്വയം കണ്ണുകൾ കുത്തിപ്പൊട്ടിച്ച് ഇരുട്ടിൽ ഒളിക്കേണ്ടതായി വരും. വൈകിയെങ്കിലും വിവേകമുണ്ടായില്ലെങ്കിൽ വരും ദിനങ്ങൾ നിങ്ങൾക്ക് ദുർദ്ദിനങ്ങളായിരിക്കും. ■

# എ.കെ.പി.സി.ടി.എ

## പ്രവർത്തക സമിതി തീരുമാനങ്ങൾ

(30.12.2001)

പ്രസിഡന്റ് പ്രൊഫ.തോമസ് ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തു.

1. 44-ാം സംസ്ഥാന സമ്മേളനം 2002 മാർച്ച് 8,9,10 തീയതികളിൽ കോഴിക്കോടുവെച്ച് നടത്തുന്നതാണ്. ജനറൽ കൺവീനർ ആയി പ്രൊഫ.വി.രാജഗോപാലനെയും ഫിനാൻസ് കമ്മിററി കൺവീനർ ആയി ഡോ.സി.കെ.ബാബുവിനെയും സംസ്ഥാന റിട്ടേണിംഗ് ആഫീസറായി പ്രൊഫ.ടി.കെ.തോമസിനെയും നിശ്ചയിച്ചു. ഗുരുവായൂർ ശ്രീകൃഷ്ണ കോളജിലെ ശ്രീ.പി.ഗോപിനാഥ് സംസ്ഥാന ആഡിററർ ആയിരിക്കും. 2002 ജനുവരി ബ്രാഞ്ച് സമ്മേളനങ്ങളും ഫെബ്രുവരിയിൽ ജില്ലാ സമ്മേളനവും നടത്തണം. സമ്മേളനത്തോടനുബന്ധിച്ച് കോളജ്‌വിദ്യാർത്ഥികൾക്കായി സാഹിത്യമത്സരം നടത്തുന്നതാണ്. സംസ്ഥാന സമ്മേളനത്തിന്റെ ചെലവിലേക്കായി ഓരോ അംഗവും 125 രൂപാ വീതം നൽകണം. ജനുവരി അവസാന വാരത്തിൽ സംസ്ഥാന സമ്മേളന സ്വാഗസംഘം രൂപീകരിക്കുന്നതാണ്.
2. എല്ലാ ജില്ലകളിലും വനിതാസമ്മേളനങ്ങൾ ജനുവരി മാസത്തിൽ തന്നെ നടത്തണം.
3. മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഓഫ് ക്യാമ്പസ് പ്രോഗ്രാമിനെതിരെയുള്ള നിയമ നടപടികളും സമരപരിപാടികളും കൂടുതൽ ശക്തമായി തന്നെ മുന്നോട്ടുകൊണ്ടുപോകേണ്ടതാണ്. സിൻഡിക്കേററ് യോഗം നടക്കുന്ന ജനുവരി 19-ന് എം.ജി സർവ്വകലാശാലയ്ക്കു മുന്നിൽ സമാന ചിന്താഗതിക്കാരായ സംഘടനകളോടൊപ്പം സിൻഡിക്കേററ് ഉപരോധം സംഘടിപ്പിക്കണം.
4. ഡിഗ്രി കോഴ്സുകൾക്ക് അടുത്ത അക്കാഡമിക് വർഷം തന്നെ സെമസ്റ്റർ സമ്പ്രദായം ആരംഭിക്കണമെന്ന് സർവ്വകലാശാലകളോടും സർക്കാരിനോടും ആവശ്യപ്പെടണം.
5. കേരള സർക്കാർ 21.12.1999 ൽ പുറപ്പെടുവിച്ച യു.ജി.സി. ഉത്തരവിലെ 6.32 വകുപ്പ് പ്രകാരമുള്ള പ്രമോഷൻ/പ്ളേസ്മെന്റ് താമസംവിനാ നൽകണമെന്ന് സർവ്വകലാലയോട് ആവശ്യപ്പെടണം.
6. സർവ്വകലാശാല നിയമഭേദഗതിക്കെതിരെ ഹൈക്കോടതിയിൽ നിലവിലുള്ള കേസ് തുടരേണ്ടതാണ്.
7. എം.ജി. സർവ്വകലാശാലയിലെ ഇൻട്രാ ട്രാൻസ്ഫർ നോംസ് സംബന്ധിച്ച പരാതിയിൽ വൈസ് ചാൻസലറുടെ തീരുമാനം വന്നതിനുശേഷം യുക്തമായ തുടർ നടപടികൾ എടുക്കേണ്ടതാണ്.
8. ഫെബ്രുവരി ലക്കം ജേണൽ അക്കാദമിക് സ്പെഷ്യൽ ആയി പ്രസിദ്ധീകരണം.
9. കെട്ടിട ഫണ്ടിലേക്ക് നൽകേണ്ട രണ്ടാം ഗഡു (ഓരോ അംഗവും 500 രൂപാ വീതം) നൽകാത്തവർ 2002 മാർച്ച് 31 നകം നൽകണം.
10. കോഴിക്കോട് സർവ്വകലാശാലയുടെ അക്കാദമിക് കൗൺസിൽ തെരഞ്ഞെടുപ്പിൽ മത്സരം നടന്ന 21-ൽ 18 സീററും നേടിയതിന് എ.കെ.പി.സി.ടി - എ.കെ.ജി.സി. ടി.- എ. സി. ടി. പ്രവർത്തകരെ അഭിനന്ദിച്ചു.
11. കോഴിക്കോട് സർവ്വകലാശാല ബോർഡ് ഓഫ് സ്റ്റഡീസിലേക്ക് നാമനിർദ്ദേശം ചെയ്യുന്നതിന് പരിഗണിക്കാൻ വേണ്ടിയുള്ള പേരുകൾ മേഖലാ സെക്രട്ടറി (പ്രൊഫ. എ.ശിവരാമൻ, ഉപാസന, തോട്ടക്കര പി.ഒ, ഒററപ്പാലം) ക്ക് അയച്ചുകൊടുക്കുക.
12. ദേശാഭിമാനിക്ക് വരിക്കാരെ ചേർക്കാനുള്ള പ്രവർത്തനം ഊർജ്ജിതപ്പെടുത്തണം.
13. ജനുവരി 13-ന് സംസ്ഥാന കമ്മിററി എറണാകുളത്ത് യോഗം ചേരുന്നതാണ്. ■

# Globalisation and Kerala Society

**Dr. Varughese George**

*Mar Thoma College, Thiruvalla.*

Globalisation is the other word for neo-colonialism. We already inherit an unequal international world economic order where 20% of world's population appropriate 86% of world's resources. The UNDP-Report 2000 estimated that the new trade agreements led to an increase in global income of some 212-510 billion dollars but a net loss of 600 million dollars for the least developed countries and 1.2 billion dollars for Africa. In India a decade is completed since the introduction of the reforms and nine million more people have joined the ranks of BPL. Four lakh small units have been closed. Growth hovers around 3% and trade gap was around nine billion dollars last year. The value of Rupee fell down to 130% over a decade. The suicides of the peasants are not a news these days since it occurs daily. Two crore small investors were taken for a ride by the UTI and this is just a tip of the iceburg. Enron is having the last laugh for it is invoking the Consolidated Fund Of India its counterguarantee regularly.

Kerala is worst hit by the new policies and the state finance is in great crises consequently. The government and the farming community have lost not less than 6000 crore rupees due to the fall in the prices of agricultural products. Coconut palms are grown in nine lakh ha and 3.5 million families do depend on it. From six lakh ha Kerala is producing 5.85 lakh tonnes of rubber. Coffee production is 0.60 lakh tonnes and pepper is 56430 tonnes.

The state's share in tea production is nine per cent of total all-India produce. The removal of quantitative restrictions[QRs] From 1 April 2001 on 1429 products has had profound effects on the agrarian economy. The Indo-SriLanka trade treaty allows import on zero duty agricultural products to this country.

The decline in agricultural income causes a chain reaction in trade and commerce which might create a general recession in the economy. This raises important constitutional and political questions. How could the Union government have entered into crucial trade treaties affecting the states without consulting the latter?

Another important issue is that the decline in agricultural income would affect real income of the people so that it might lessen their food buying capacity. Kerala economy which is mainly dependent on commercial crops is nearer to food shortage than ever have been, thanks to new policies. Let me cite an experience from my nearby village. In early 50's in Pulikezh a sugar factory was established which had a crushing unit and a distillery. Two years back the government closed the crushing

unit giving a shattering blow to the cane growers and retrenching workers. In a country where 20 lakh tonnes of sugar is imported what the government should have done is to give the farmers subsidy, fertilisers and advances. Now sugarcane cultivation is abandoned in the adjacent three taluks in Tiruvalla, Mallappally and Chengannur. The land is lying fallow and agricultural workers also lost employment. The purchasing capacity of all these sections, growers, factory workers and labourers suddenly declined leading to poverty and indebtedness. In Chittoor the president of the Co-operative society told me that farmers had pledged jewellery worth one crore rupees in the society but not one of them took it back. On August 2 this year in Kerala-Karnataka border region an arecanut farmer Badda Poojari commited suicide due to heavy debt. One kilo of arecanut had earlier fetched 180 rupees but now it has gone down to Rs.28. This story was filed by P.Divakaran of Indian Express.

The impact on small industry is similar. The removal of QRs affect food and textiles industry whose product constitutes five percent of national production. In these sectors small industry is playing a very important role. In a memorandum submitted to the Parliamentary Standing Committee. The Kerala State Small Industries Association had pointed out that several industries including soft drinks, readymade garments, agri-commodity based industries would be expelled from the scene soon. It said that imported improved quality packaged commodities could not be competed with. The president of the Association, John.K.Mathews said that finished products are also defined as raw materials for importer manufacturer and local SSI units cannot match bulk imports and compete. The New Textile Policy introduced in accordance with WTO instructions had allowed import of readymade garments which renderd thousands in north Kerala jobless. The handloom industry alone provides employment to two lakh persons out of ten lakh total in small industry in Kerala.

There are 19 central Public Sector Industries in the state, most of which are trapped in the process of disinvestment. They include Cochin Refineries, Cochin Shipyard, FACT, Hindustan Latex, Hindustan Newsprint, Indian Rare Earths, Indian Telephone Industries, Instrumentations Ltd., Hindustan Insectsides, Modern Foods, HMT, Balmer and Lawrie, Hindustan Organic Ltd and all textile mills under NTC. These industries provide employment to 19000 persons and most of them are profit making and socially responsible. Cochin Refineries alone made a profit of 235 crores last year. ITI's profit was lessened due to want of orders from the government. Modern Foods Industries whose assets worth Rs.1200 crores was sold for a song, for 110 crores, to Hindustan Lever, who now own 74% of its shares. FACT is going red exclusively due to the import policy of the Union government which reduced customs duty of Caprolactorm in successive budgets. Instrumentation Ltd, was given 300 acres of land for Rupee one per acre by the Kerala government. This profit-making concern including the land is now being handed over to Shylocks!

With regard to financial sector, the public sector banks in Kerala were making rapid strides and NRIs, especially NRKs patronised it by subscribing in various schemes including large numbers of Resurgent India Bonds. But with the denationalisation of public sector banks MNCs and monopoly capitalists will take hold of 67% of the share of banks, thereafter dominate the directorboard, channel the deposits to their own industries, companies and casinos! A decade ago Kerala was the graveyard of NBFCs leaving thousands of depositors in lurch. But the public sector banks were performing with great social responsibility. With the introduction of new policies, their priorities are being overturned, prefering to lend to the sharemarket forgetting the experience of Madhavapura Industrial Co-Operative Bank.

In the energy sector Enron was waiting in

the wings. But progressive forces in Kerala pre-empted Enron's moves by driving it out with its brokers! But with the change of government in Kerala, the state in the third week of August signed a memorandum of understanding with the Union government agreeing to setting up a tariff regulatory authority, splitting electricity Board, and private participation.

In health, the Finance Minister announced to open Pay Clinics in government hospitals where Rs.100 will be charged from the patient of which a part will be gifted to the doctor. The incidence of TB is highest in Kerala and the anti-TB campaign had a slow death. In such a state the government health sector is being opened to market forces! In an article, Dr.Sheeja warns us that in course of time common OPs will have been closed down leaving people to the mercy of pay clinics.

In education, the new fashion is unaided professional colleges and unaided courses in aided colleges! And reservation to SCs and STs will be the first casualty. Dr.K.K.George in a study, 'Entry barriers to Professional education in Kerala' says that unaided professional courses exacerbate existing social inequality through enabling the rich to acquire new technology first, forcing the poor to lag behind. Kerala's achievement in education is not just its universality, but education with social justice.

In service sector, the government recently issued an ordinance with the objective of transfering important roads and bridges to private hands in the guise of BOT. The Kumarakom Tourist Complex was transfered to TAJ with no return and Pathiramanal island is being handed over to Oberoi. Next in line is Bolghatty to be followed by Bakel. In God's Own Country, Mammon is ruling the roost. An Urban Regulatory Authority is also on the cards to facilitate privitisation of urban services. With the change in Patent Act the rich bio-diversity resources of the state are left to the piracy of MNC patenting. Thulasi, Keezhar Nelli, Neem, Vechoor Cow, everything is being patented and there seems a reverse flow of resources from the state.

Recently an ADB team consisting of Frank Polman and William Macarten visited the state for consultation with the government. P.Venugopal of The Hindu in a startling disclosure wrote that through an aide-memoire the ADB urged the state government to convert its policy measures into a draft policy mix "which should be shared with the ADB staff!". Who is in charge here? The state or Global capital? ■

## കോളജ് വിദ്യാർത്ഥികൾക്ക് സാഹിത്യമത്സരം

എ.കെ.പി.സി.ടി.എ. 44-ാം സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് കോളജ് വിദ്യാർത്ഥികൾക്ക് സാഹിത്യ മത്സരം സംഘടിപ്പിക്കുന്നു. ചെറുകഥ, കവിത, ലേഖനം, എന്നിവയിലാണ് മത്സരം. ചെറുകഥയ്ക്കും, കവിത യ്ക്കും പ്രത്യേകിച്ച് വിഷയം നിർദ്ദേശിക്കുന്നില്ല. ലേഖനത്തിന്റെ വിഷയം "വിദ്യാഭ്യാസരംഗത്തെ സാമൂഹ്യ നീതി- പ്രതിസന്ധിയും പ്രതിവിധിയും" എന്നതാണ്. ലേഖനം പത്ത് ഫുൾസ്ക്യാപ്പ് പേജിൽ കവിയരുത്. പ്രിൻസിപ്പലിന്റെ സാക്ഷ്യപത്രത്തോടെ ഫെബ്രുവരി 28-നകം പ്രൊഫ.വി.രാജഗോപാലൻ, മലബാർ ക്രിസ്ത്യൻ കോളജ്, കോഴിക്കോട് എന്ന വിലാസത്തിൽ സൃഷ്ടികൾ അയയ്ക്കണം. ഒന്നും രണ്ടും സമ്മാനം നേടുന്നവർ ക്ക് യഥാക്രമം 1000 രൂപയും 500 രൂപയും സമ്മാനമായി നൽകുന്നതാണ്.

**എ.പ്രതാപചന്ദ്രൻ നായർ**
*ജനറൽ സെക്രട്ടറി, എ.കെ.പി.സി.ടി.എ*

# Distance Education the New Eldorado for Commercial Adventurism

**Thomas Joseph**
*President, AKPCTA*

## Globalization and Exploitation

We have suddenly transformed ourselves into a knowledge society. The impact of information-communication-technology(ICT) is such that all economic activity today is controlled by the Knowledge Industry. The Knowledge Revolution is historically as important as the Agricultural Revolution and the Industrial Revolution. While the agricultural revolution nurtured itself in a few thousand years and the industrial revolution in a few hundred years, the new revolution in knowledge has swept the world in a few decades. The earlier revolutions were the result of joint efforts of the employers and the employees within well-defined spatial limits—the landowners and the farm labourers in the one and the capitalists and the factory workers in the other. The cooperation of the working class was ensured often through coercion rather than consent. This brought about great discontent along with great progress. But the face-to-face interaction between the land owner and the labourers under the agricultural system and the concentration of a large number of workers in the place of work under the industrial system dramatized the exploitation of the majority by the minority and made resistance to such injustice a reality. The Knowledge Industry on the contrary, operates in secrecy. There is little interaction between the employer and the employed. They may not even know each other. The knowledge workers hardly meet one another. There is little person-to-person contact between them. The nature of the work is such that instead of bringing people together the industry separates them from one another. Under such conditions, exploitation is easier and swifter. Resistance becomes difficult. The global operational field of the new industry renders localized resistance ineffective, if not impossible. The speed with which the changes have overtaken the world has rendered ideological and organizational resistance lag behind.

Yet exploitation is not an imperative of the present ṣcenario. In fact empowerment of the worker appears to be much easier in the new set up Each one can be one's own employer. .The Knowledge Industry requires very little investment in the traditional sense. Capital investment is smaller as compared to the industrial system. Human capital is the most important investment in the Knowledge Industry. The system offers wonderful opportunity for the emancipation of the worker. What is required is the empowerment of the worker through education—providing him not just primary education, but substantially empowering higher education.

Universalization of higher education therefore is the most urgent task to which nations of the world should address themselves.

## New Role for Distance Education

It is in this context that the role of Distance Education becomes significant. The traditional formal system of higher education is prohibitively costly for most nations and most peoples. The objective of the Scheme of Distance Education is to broaden the democratic base of higher education, to make it accessible to people handicapped, economically, geographically, socially or otherwise .It is a non-formal mode of education, the defining characteristic of which is the quasi-permanent separation of the teacher and the learner through out the length of the learning process. This distinguishes it from conventional face-to-face education. The delivery cost of distance education, which is estimated to be at about 14% of formal education, is much cheaper in comparison with formal education. It can cater to the needs of a larger non-homogeneous student community than is possible under the formal system. The revolutionary changes in communicative systems, which have opened the doors to virtual learning, have made distance education much more effective and popular than it was earlier .It is potentially one of the most effective means for realizing the objective of equity and excellence in higher education. It could bring qualitatively competitive higher education within the reach of the hither to marginalized sections of society

## Marketisation of Distance Education

The Education Industry the world over has suddenly wakened up to the great possibilities that distance education offers in the changing scenario. The increasing demand for higher education on the one hand and the emerging technique for its effective dissemination at distance at minimal cost on the other have made a large number of entrepreneurs swing into action. Distance Education is the new El Dorado for commercial adventurism on a global scale. American and Australian Universities as also British Universities are vying with one another for the control of the international market in Distance Education The WTO has now entered the scene largely with the backing of the West. Regulations for the operation of distance education are likely to come into existence in the next few months, which will perpetuate the western dominance in this field.Stiff international competition has not deterred Indian educational entrepreneurs from entering the field. Since existing regulations do not favour doing business in education, a concerted effort is being made to legitimize trading in education by giving it legal sanction through parliamentary legislation. The introduction of Private Universities Bill in the Parliament is a step in this direction. The academically notorious Ambani-Birla Report is an ineffective attempt to provide theoretical justification for this misguided initiative in higher education.While private entrepreneurs are waiting on the fence looking for the legal impediments to clear themselves, public universities have jumped into the fray. The most neglected, long suffering Distance Education Departments in some universities have suddenly become centres of great attention. There is an explosive expansion of their activities, facilitated by starting distance education centers all over the world. While official brochures proclaim their commitment to the ideals of democratization of education, university authorities privately admit that their new found love for distance learning is prompted by a desire to make some quick money for their cash-strapped universities. The effective cut on Governmental funding for Universities, the organized resistance to even marginal hike in fees, the incompetence of the

leadership in the universities to devise novel ways of internal resource mobilization, their sheer indifference to societal goals, the greed and desire for private profit on the part of those involved in the transaction have all combined together to make Distance Education the milch cow of higher education, as Prof. Amrik Singh puts it.The history of distance education in India begins in the sixties with the establishment of the department of Distance Education in Delhi University in 1962. However it was with the establishment of IGNOU as an Open University and regulating agency for distance education in 1985 that this mode of informal education became popular in India. At present there are seven open universities in the country. There are about forty universities, which offer courses through correspondence .As an alternative to conventional mode of education; distance education has still great scope for expansion in India. But if recent trends are any indication as to the future, Distance Education could well become the unwitting agent of destruction of both equity and excellence in higher education in India.

The experiment in trading education through the distance mode started in the eighties, when many Universities began offering courses in BEd degree through correspondence. The mandatory requirement of practice teaching for this course was fulfilled more on paper than in the actual classroom Yet the universities concerned made a fortune within a few years The trend has now been reversed by the intervention of National Council For Teacher Education (NCTE) which has laid down strict norms for the maintenance of standards in teacher education. The second wave of trading through distance education that has started recently appears to be more sinister in its implications and dogged in its determination to resist regulatory intervention. The freedom from governmental intervention in the sanctioning of the courses is being used as a convenient opportunity to start courses with extraneous motives. While in the earlier attempt, the universities were directly running the courses through their own centres; the new trend is to operate through private franchisees. The first experiment in trading had exposed the vulnerability of the universities to regulatory intervention. It had also become clear that the system could generate profit only through underpayment of the teaching and non teaching staff, which kind of exploitation was difficult to practice under the university system for quite a long time. The new system takes care of such irritants by leaving the business of conducting the classes and engagement of teachers in the hands of collaborating private agencies. The responsibility of the university is limited to the supply of study materials, conduct of examinations and award of degrees. Universities cannot charge fee beyond a certain limit or collect it secretly or underpay teachers for a along time without inviting organized resistance. The experience of collective bargaining in self- financing schools directly run by the universities has made them more circumspect. Private agencies are now given a free hand in the collection of fee for classes engaged beyond mandatory minimum time The Universities could make money by way of registration fee, course fee and examination fee, which would be fixed at rates far above the level required for cost-effective distance education. The collaborators would be given a share of the fees collected. Their actual profit would depend on their additional collections from students under various heads. Though there is an official ban against unauthorized collections it will be observed more in the breach than in the observance. Such is the assurance of private profit that quite a good number of collaborators are ready to invest as big an amount as one lakh

rupees as registration fee for a few courses for a few years. Universities earn crores of rupees in the bargain.

## Equity and Excellence at Stake

It might well be asked as to what is really wrong with franchising education especially when the profit so generated is spent by the universities for their developmental programmes or for running existing programmes at subsidized rates for students in the regular stream.. The answer is that the ends do not always justify the means. What is more, wrong means often tend to corrupt the ends themselves. This is very much true of franchising in education as many universities practice it at present. There are a host of legal, ethical, social and educational issues, which are overlooked by the universities in their eagerness to do business in education.Most University Acts do not provide for collaboration with private agencies. The UGC has regulated that distance education courses should not be run by universities in collaboration with private agencies. This has been done especially to check the menace of trading in education. The Supreme Court has repeatedly decreed that commercialization of education cannot be permitted. It is against the great traditions of this country to trade in education. The most distinguishing feature of trading is its profit orientation. For-profit commercial education is not the same as self-financing education though it often disguises itself as one. Under self-financing system the students are only expected to meet the actual cost of their education .It does not provide for any margin of profit for the operators of the system. Self-financing, which is limited to the recovery of recurring cost of education, is not illegal though it is definitely not be the right policy to be pursued in a developing country like India. Under the for-profit commercial system, the educational entrepreneurs not only collect the overhead charges from the students, but also make a margin of profit, which is illegal. The law is often circumvented either by manipulating the accounts or by investing the profit in the development of the institution. In both cases it raises ethical issues. Universities cannot evade the ethical question of profiteering simply by pretending that they spend the profit from one stream to subsidize another stream. This is especially so when the victims of exploitation happen to be the ones who deserve greater sympathy and consideration in comparison with the supposed beneficiaries. It is unjust to exploit a set of handicapped, unorganized students in the distance stream to subsidize education for a set of organized and comparatively better-off students in the regular stream. Violation of law and ethical norms will prove disastrous for the credibility of the university concerned .It appears that such arguments have not gone down well with the delinquent universities. They have only prompted them to seek shelter under the protective umbrella of university autonomy.The social and educational costs of franchising are relative to the actual practices of the franchisers and franchisees. Though the extent of the damage might vary from situation to situation, the nature of the malady is the same everywhere. The driving force behind franchising is nothing but profit. Since profiteering in education is illegal, it can be obtained only through clandestine means and by promoting only those courses, which have immediate market value. Franchisees, as a rule, do not either employ qualified teachers or provide adequate facilities for students since such practices will often reduce the margin of profit for the entrepreneurs. Classes are conducted on a parallel basis during weekdays to attract the maximum number of students by giving the impression that the courses are no different from regular courses. What is

intended to be supplementary to regular courses is turned into a parallel system in practice .In this process, the target learners of the system of distance education, the ones who cannot attend the classes during regular time and the ones who cannot afford to pay for the full time course get alienated from the system. A good number of students are weaned away from basic disciplines and regular courses through clever propaganda to embrace the new generation courses run by the franchisees. The students, who can afford to pay the prohibitive fees, opt for them in the hope that the way to success lies through them.The long-term results of such a development will be the impoverishment of regular colleges and basic disciplines. This has already taken place in the case of government/ aided schools in Kerala.As many as 2644 schools in these sectors have been declared uneconomic and are under threat of being closed down. The situation has developed over the years due to the indiscriminate promotion of the unaided sector. The closure of Government / aided schools will gradually bring down enrolment ratios in schools. Promotion of the self-financing/ commercial stream without the promotion of the purchasing power of the people in general is detrimental to he cause of universalization of education The affiliating universities, which enter into collaborative relationship with private agencies by short-circuiting the affiliating system, are actually sowing the seeds of self-destruction in the process. The affiliated colleges and basic disciplines would become unattractive and uneconomic in the not. -too-distant-future. Such a scenario will be disastrous for equity and excellence in education. Bereft of educational subsidies, the economically marginalized sections of society will even lose the limited opening to the portals of education, which they enjoy at present. Commercialization will not increase educational opportunities in the long run. It can only replace an equitable system by an exploitative system. This will ultimately bring down overall enrolment ratios in higher education. . India's present achievement in this field, with only 6% of the relevant age group undergoing higher education compares poorly with 51% in developed countries and 21% in middle-income countries. The role of higher education in development has now been universally recognized. Enrolment of 20% of the relevant age group is generally recognized as the threshold level for ensuring economic development.. The negative impact of franchising on enrolment and economic development is too serious to be ignored.The mad rush for market-oriented courses offered by the franchisees will also prove counter-productive in the long run. Courses with market demands have little shelf life. The techniques imparted through such courses soon become outdated. The students who have had little exposure to basic disciplines will not know how to adapt themselves to the changing requirements of a global market. It has been pointed out that too much emphasis on any one stream (traditional courses/ new generation courses/vocational courses) would lead to lop sided development. The present tendency to unlimited vocationalization does not take into account the changing demands in the job market. While a limited number of specialists are required in each field, the emphasis should be on producing a large number of what Christopher Ball calls flexible generalists. The flexible generalists are defined as persons equipped with necessary knowledge, skills and values to adjust readily to the volatile requirements of a changing society. Only a system of education, which is socially committed and academically enlightened, can design courses with such a long-term perspective and thus promotes a sustainable model of development in higher

educationThe irony of franchising in distance education is that it defeats the very purpose of distance education. Instead of supplementing educational opportunities and making it available to the unprivileged and the under privileged it ends up denying educational opportunities even to the generality of students in the mainstream. Instead of enhancing educational opportunities, it ends up curtailing even existing facilities. Instead of producing more employable young people, it produces an army of unemployables. Instead of contributing to the economic well being of the nation it only prepares for its economic disaster.All this is no argument against distance learning per se. It is only an argument against the falsification of the scheme and purpose of distance education. The tragic irony of the present scenario is that the universities, which are responsible for checking the aberrations in the system, are themselves guilty of destabilizing the system from within. UGC's efforts to enforce discipline have not brought about the desired results largely because the efforts are half hearted and also because the UGC itself has lost much of its moral authority on account of its misguided promotion of obscurantism and adhocism in higher education. The Governments, which have a responsibility to provide for the universities, put up the alibi of economic crisis and, ironically enough, pave the way for the aggravation of the economic crisis. Denial of educational opportunity to the great majority of the people will have a debilitating effect on economic development in the long run." ■

# എം. ജി. യൂണിവേഴ്സിററി ഡിഗ്രി സെമസ്റ്ററൈസേഷൻ അട്ടിമറിക്കരുത്

എം.ജി. യൂണിവേഴ്സിററിയിൽ ഡിഗ്രി കോഴ്സുകൾ സെമസ്റ്റർ രീതിയിൽ പുന:സംഘടിപ്പിക്കാൻ യൂണിവേഴ്സിററി എടുത്തിരുന്ന തീരുമാനം അട്ടിമറിക്കാൻ അണിയറയിൽ ശ്രമങ്ങൾ നടക്കുന്നു. സെമസ്റ്റർ സമ്പ്രദായം നടപ്പിലാക്കുന്നതിനെക്കുറിച്ച് അധ്യാപക സംഘടനകളുമായി നടന്ന ആലോചനായോഗത്തിൽ യൂണിവേഴ്സിററി തലത്തിൽ ഇക്കാര്യത്തിലുള്ള ആശയക്കുഴപ്പം വെളിച്ചത്ത് വന്നു. മുൻ നിശ്ചയം അനുസരിച്ച് 2002-2003 വർഷം കോഴ്സുകൾ സെമസ്റ്റർ രീതിയിൽ ആക്കുമോ എന്ന് വ്യക്തമാക്കാൻ യൂണിവേഴ്സിററി അധികൃതർക്ക് ആയില്ല. അതേസമയം യു.ജി കോഴ്സുകൾ സെമസ്റ്റർ സമ്പ്രദായത്തിൽ ആക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നുവെന്നാണ് യൂണിവേഴ്സിററി ഔദ്യോഗികമായി യു.ജി.സിയെ ധരിപ്പിച്ചിട്ടുള്ളത്. അഫിലിയേററഡ് കോളജുകളിലെ കോഴ്സുകളുടെ ഗുണനിലാവരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായാണ് സെമസ്റ്റർ സമ്പ്രദായം ഏർപ്പെടുത്താൻ തീരുമാനിച്ചിരുന്നത്. എയ്ഡഡ് മേഖലയെ അനാകർഷകമാക്കി കച്ചവട അടിസ്ഥാനത്തിൽ ഉള്ള കോഴ്സുകളുടെ വ്യാപനത്തിന് കളമൊരുക്കുകയാണ് സെമസ്റ്റർ സമ്പ്രദായത്തിനെതിരെയുള്ള നീക്കത്തിന്റെ യഥാർത്ഥ ലക്ഷ്യമെന്ന് എ.കെ.പി.സി.ടി.എ കുററപ്പെടുത്തി.

സെമസ്റ്റർ സമ്പ്രദായം നടപ്പാക്കുന്നത് സംബന്ധിച്ച വ്യക്തമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിശദാംശങ്ങൾ ചർച്ച ചെയ്യാൻ അധ്യാപക സംഘടനകളുടെ യോഗം അടിയന്തിരമായി വീണ്ടും വിളിച്ചു ചേർക്കണമെന്ന് സംഘടനാ നേതാക്കൾ ആവശ്യപ്പെട്ടു.

യൂണിവേഴ്സിററിയിൽ നടന്ന ചർച്ചയിൽ എ.കെ.പി.സി.ടി.എ യെ പ്രതിനിധീകരിച്ച് പ്രസിഡൻറ് പ്രൊഫ.തോമസ് ജോസഫ്, ജനറൽ സെക്രട്ടറി പ്രൊഫ. എ.പ്രതാപചന്ദ്രൻ നായർ, മേഖലാ സെക്രട്ടറി പ്രൊഫ.വി.സി. ആന്റണി, അക്കാദമിക് കമ്മിററി കൺവീനർ പ്രൊഫ.കെ.മാത്യു, ജില്ലാ സെക്രട്ടറി പ്രൊഫ. കെ.രാധാകൃഷ്ണൻ നായർ എന്നിവർ പങ്കെടുത്തു. ■

# കൃഷ്ണശില

ടി. ഗിരിജ
*എൻ. എസ്. എസ് വനിതാ കോളജ്, കരമന*

അടിച്ചും, കുത്തിപ്പിഴിഞ്ഞും
പിഞ്ചിക്കീറിയാലും
ഉരച്ചു കഴുകിയും
നീ നിന്നെ ശുദ്ധമാക്കുമ്പോൾ
നിത്യവും അഴുക്കിൽ കുളിച്ച്
അഴുക്കിലുയിർത്ത്
കുളിപ്പിച്ചൊരുക്കുന്ന കൃഷ്ണശിലകളെ
കനവുകാണുന്ന പെയ്യാ മേഘങ്ങൾ
എന്നും.... എപ്പോഴും
സ്വന്തമായതെന്തും.... ഏറെ
ഏറെ പ്രിയതരമാവുമ്പോൾ
മററുള്ളവർക്ക് നോവുന്നത്
അറിയാൻ പോലുമാവാത്ത
'ശിലത്വം'
നനച്ചടിച്ച് വെളുപ്പിയ്ക്കുന്ന
സ്വപ്നങ്ങളും; മോഹങ്ങളും
ചില്ലിന്നടിയിലാക്കുമ്പോൾ
പുഞ്ചിരിയിലൊരു വക്രത
നീലക്കണ്ണിലെ മിന്നുന്ന താരകം
ചാരം മൂടി മങ്ങുമ്പോൾ
താഴെ അടുപ്പിന്നരികിലെ
മേനകയിൽ
വിലപേശലിന്റെ അസ്വാസ്ഥ്യം
അവനിലും, മിക്സിയിലും
ഫ്രിഡ്ജിലും മയങ്ങുന്ന
ഭക്ഷണ സങ്കല്പങ്ങളിൽ
ഒരു വലിയ ഉപ്പുമാങ്ങ
ചത്ത തവളപോലെ
എല്ലാം അവഗണിത യാഥാർത്ഥ്യങ്ങളാവുമ്പോൾ
ഈ മെയിലിൽ
ക്ളോണിങ്ങിൽ .... കംപ്യൂട്ടർ സ്വപ്നങ്ങളിൽ
ആദ്രതയും സ്പർശവും കൂപ്പുകുത്തി വീഴുന്നു.
അകത്ത്
സ്വിച്ചിട്ടാൽ കറങ്ങുന്ന യന്ത്രത്തിന്നരികിൽ
പാർക്കിൻസണും . അൽഷിമേഷ്സും
നിന്നിലഴുക്കുകളേ ഇല്ലല്ലോ...?
തൊട്ടുഴിഞ്ഞ് കാതോരം മൂളിയ സന്യാസി
നിസ്സംഗതയുടെ തണുത്തുറഞ്ഞ കാരുണ്യം
ചെടിപ്പുണർത്തുമ്പോൾ
നിഴലുകൾ നീളുന്ന വഴിയോരങ്ങളിൽ
കൈമോശം വന്ന വളപ്പൊട്ടുകളിട്ട
കണ്ണാടിക്കുഴൽ
എവിടെയോ, പ്ലാവിലത്തൊപ്പിയും
പട്ടയും വച്ച രാജകുമാരൻ.
ചുവടുറപ്പിയ്ക്കേണ്ട ഗുരു
ലഹരിപ്പുകയിൽ പറക്കുമ്പോൾ
ദിക്കറിയാതെ പകയ്ക്കുന്ന
ശിഷ്യന്റെ പിടയ്ക്കുന്ന പെരുവിരൽ
ചോരയുണങ്ങുന്ന മുറിപ്പാടിൽ
നീറിപ്പടരുന്ന പച്ചമരുന്നുകൾ.
കൊഴിയുന്ന നിമിഷത്തുവലുകൾ
അവൾക്ക് മാത്രം നാമം മണികളാകുമ്പോൾ
വലിച്ചെറിയുന്ന മുദ്രമോതിരം
ചെളിക്കുണ്ടിലാഴ്ന്നു മറയുമ്പോൾ
ശകുന്തളയിൽ നുരയിടുന്ന
ആഹ്ലാദത്തിന്
ചങ്ങലകളേ ഉണ്ടായിരുന്നില്ല.
ചിറകുകളിൽ വിലങ്ങുകളും
കാത്തിരിപ്പിന്
വിരാമമിടാനാവാതെ
ഏകാന്തതയ്ക്കനുസരണം
മിടിപ്പുകൾ ചിട്ടപ്പെടുത്തവേ
പടർന്നേറുന്ന മരവിപ്പിൽ
ഉറയുന്ന എനിയ്ക്കരുകിലേക്ക്
വൈദ്യുതി നിലച്ച ദിശയിലൂടെ
അസംഖ്യം കാലുകൾ
കൈയ്യിൽ വിഴുപ്പുകൂനകളുമായി
സ്വയം കുളിച്ച് വൃത്തിനേടാനാവാതെ
വർദ്ധിത വേഗതയോടെ
അപ്പോഴും
അഴുക്കിൽ കുളിച്ച്
ശുദ്ധിനേടാൻ വെമ്പി
ഞാനാർക്കായോ കാത്തിരിയ്ക്കുകയായിരുന്നു.
ജ്ഞാനസ്നാനം ചെയ്യിയ്ക്കാനൊരു
പുണ്യാത്മാവിനായി.
മോചകനായി
അവസാനമില്ലാത്ത കാത്തിരിപ്പിന്നന്ത്യം തേടി.

*With best compliments of:*

# BI PUBLICATIONS (P) LTD.

**28/2758, SHARADA NIVAS,**
**KUTHIRAVATTOM ROAD, KUNNUMPURAM**
**THIRUVANANTHAPURAM- 695 001**

**Phone: 0471-472013**
**Fax: 0471-472073**
**e-mail:biptvpm@satyam.net.in**

**Head Office: 54, JANPATH, NEW DELHI 110001**
**Branches: AHAMADABAD, BANGALORE, CHENNAI, KOLKATHA, MUMBAI AND NEW DELHI**

# തുല്യ ജോലിക്ക് തുല്യവേതനം

വിമോചന സമരത്തിനുശേഷം പട്ടം താണുപിള്ളയുടെ നേതൃത്വത്തിൽ
അധികാരത്തിൽ വന്ന മന്ത്രിസഭ ഗവൺമെന്റ് കോളജ് അധ്യാപകരുടെ
ശമ്പളം 200-400 എന്നത് 250-500 ആയി വർദ്ധിപ്പിച്ചു. അതിനുമുമ്പ് തന്നെ
പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി ഗവൺമെന്റ് പ്രൈവററ് മേഖലയിലെ
അധ്യാപകരുടെ ശമ്പളം തുല്യമാക്കിയിരുന്നു. പ്രൈവററ് കോളജ് അധ്യാപ
കർക്ക് ഗവൺമെൻററ് കോളജ് അധ്യാപകർക്ക് കൊടുക്കുന്ന ശമ്പളത്തിന്
അർഹത ഇല്ല എന്ന കടുത്ത നിലപാട് സർക്കാർ കൈക്കൊണ്ടു. ഇതിനെതി
രെ അധ്യാപകരോക്ഷം ആളിക്കത്തി. നിരവധി മുദ്രാവാക്യങ്ങൾ പലപ്പോഴാ
യി മുഴക്കി സമരം ചെയ്ത് വളർന്നുവന്ന പ്രസ്ഥാനമാണ് നമ്മുടേത്. അരനൂ
ററാണ്ടുകാലത്തെ സുദീർഘമായ സംഘടനാ ചരിത്രത്തിലെ ഏററവും
ആവേശം കൊള്ളിക്കുന്ന മുദ്രാവാക്യങ്ങളിൽ ഒന്നായിരുന്നു "തുല്യ ജോലി
ക്ക് തുല്യ വേതനം". സ്വകാര്യ കോളജ് അധ്യാപകരുടെ അക്കാലത്തെ യഥാർ
ത്ഥചിത്രം ഈ മുദ്രാവാക്യത്തിൽ അടങ്ങിയിരുന്നു. സംഘടനാ രൂപം ശക്ത
മായിരുന്നില്ലെങ്കിലും ഈ അനീതിക്കെതിരെ അധ്യാപകർ സംഘടിച്ചു. തുല്യ
ജോലിക്ക് തുല്യവേതനം ആവശ്യപ്പെട്ടുകൊണ്ട് 1961 ൽ തലസ്ഥാന നഗരി
യിൽ നടത്തിയ പ്രകടനം ശ്രദ്ധേയമായിരുന്നു. മാനേജർമാരുടെയും ഗവൺ
മെന്റിന്റെയും ഭീഷണികൾ വകവക്കാതെ സ്വകാര്യകോളജ് അധ്യാപകർ എ.
കെ.പി.സി.ടി. എ യുടെ കൊടിക്കീഴിൽ അണിനിരന്നു. 1965 വരെ ചെറുതും
വലുതുമായ പ്രക്ഷോഭങ്ങൾ സംഘടിപ്പിച്ചുകൊണ്ട് സംഘടന മുന്നോട്ടുപോ
യി. സമരത്തിന്റെ വേലിയേററം തടുത്തു നിർത്താനാവാതെ 1965 ഒക്ടോ
ബർ 1-ാം തീയതി സർക്കാർ പ്രഖ്യാപിച്ച 250-500 സ്കെയിൽ കിട്ടിയപ്പോൾ
ഗവൺമെന്റ് കോളജ് അധ്യാപകർക്ക് ഒപ്പം എത്തി. ശീഘ്രഗതിയിൽ വന്ന
രണ്ടു ശമ്പളപരിഷ്ക്കാരങ്ങൾ പിന്നെയും പ്രൈവററ് കോളജ് അധ്യാപകരെ
ബഹുദൂരം പിന്നിലാക്കി. സ്കൂൾ അധ്യാപകരുടെ സുരക്ഷിതമായ നിലയും
സംഘടനാബോധവും കോളജ് അധ്യാപകരെയും സ്വാധീനിച്ചു. ഡയറക്ററ്
പേയ്മെന്റിനുവേണ്ടി പ്രസ്ഥാനം ശക്തിപ്പെടുത്തുകയെന്ന ഒററ മാർഗമേ നമ്മു
ടെ മുന്നിൽ ഉണ്ടായിരുന്നുള്ളൂ. പാരിററിയുടെ കാര്യവും പ്രധാനമായിരുന്നു.
ആവർത്തിച്ച് പ്രക്ഷോഭങ്ങൾ സംഘടിക്കപ്പെട്ടു. ഗവൺമെന്റ് കോളജ് അധ്യാ
പകർക്ക് നൽകുന്ന ശമ്പളം കിട്ടുക, അത് കിട്ടുമെന്ന് ഉറപ്പാക്കുക, അതു വാ
ങ്ങാൻ സർവീസിൽ തുടരാനാവുക ഈ ലക്ഷ്യങ്ങളുമായി സംഘടന വീ
ണ്ടും സമരത്തിന് തയ്യാറെടുത്തു. ഡയറക്ററ് പേമെന്റ് ഉൾപ്പടെയുള്ള അവ
കാശങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി 1970 ൽ എ.കെ.പി.സി.ടി. എ പണി
മുടക്ക് പ്രഖ്യാപിച്ചു. പക്ഷെ, പാരിററി മാത്രം നേടി ശക്തമായ സമരം അവ
സാനിപ്പിക്കേണ്ടിവന്നു. ചരിത്രത്തിലെ കറുത്ത അധ്യായങ്ങളിൽ ഒന്നായി
അതിനെ കണക്കാക്കാം. പ്രൊഫസർ. കെ. എം.ചാണ്ടിയായിരുന്നു അന്നത്തെ
പ്രസിഡന്റ്. സമരമദ്ധ്യേ ആരോടും ആലോചിക്കാതെ സ്വമേധയാ അദ്ധ്യക്ഷ
സ്ഥാനം രാജിവെക്കുകയും സമരം പിൻവലിക്കുകയും ചെയ്തു. തിരിച്ചടി
കളിൽ നിന്ന് പാഠം ഉൾക്കൊണ്ടുകൊണ്ട് നിരവധി ത്യാഗ പൂർണ്ണമായ പോ
രാട്ടങ്ങളിലൂടെ സംഘടന പിന്നെയും മുന്നോട്ട് കുതിച്ചു. ■

**സതീശ് ചന്ദ്രൻ**
*എസ്. എൻ. കോളേജ്, വർക്കല*

# കറന്റ് ബുക്സ്, തൃശൂർ

റൗണ്ട് വെസ്റ്റ്, തൃശൂർ 680 001

Ph: 0487–335660

**PUBLISHERS & DISTRIBUTORS FOR**

MALAYALAM, ENGLISH, CHILDREN'S LITERATURE, FICTION, DRAMA, CINEMA, JOURNALISM, POETRY, PHILOSOPHY, PSYCHOLOGY, SOCIOLOGY, POLITICS, HISTORY, ECONOMICS, COMMERCE, MATHEMATICS, BOTANY, ZOOLOGY, CHEMISTRY, PHYSICS, MEDICAL, COMPUTER, ENGINEERING, LAW, ELECTRONICS, MECHANICAL, CIVIL, CHEMICAL ENGINEERING, VETERINARY, AGRICULTURE, AQUACULTURE. ETC. ETC

# കോസ്മോബുക്സ്

റൗണ്ട് വെസ്റ്റ്, തൃശൂർ 680 001 Ph: 0487–335292

ബ്രാഞ്ചുകൾ

**കോഴിക്കോട്**

**Rly.** സ്റ്റേഷൻ ലിങ്ക് റോഡ്

Ph: 0495-703487

**എറണാകുളം**

പ്രസ്സ് ക്ലബ്ബ് റോഡ്

Ph: 0484- 353818

# കോടതിമുററത്ത് വരുന്ന കാഫ്കയും കാക്കയും

ഡോ.സി.ആർ.പ്രസാദ്
എം.ജി. കോളജ്, തിരുവനന്തപുരം

കാലത്തിന്റെ മാററം അറിയാതിരിക്കുക എന്നതിന് ആത്മഹത്യ ചെയ്യുക എന്നുകൂടി അർത്ഥമുണ്ട്. ഇക്കാര്യം പലപ്പോഴും വൈകിയാണ് തിരിച്ചറിയുന്നതെന്നു മാത്രം. ഭൂതകാലത്തിന്റെ സമ്പത്തിന് കാലഗതിയ്ക്കനുസരിച്ച് ചില മാററം ആവശ്യമായിത്തീരും. മാററമില്ലാതെ തുടരുന്ന പല കാര്യങ്ങളും സർക്കസു കൂടാരത്തിലെ കോമാളിക്കളിക്കു സമാനമായ ചുവടുകൾ വെയ്ക്കുന്നുവെങ്കിൽ ജീവിച്ചിരിക്കുന്നവർക്ക് കാര്യമായ എന്തോ തകരാറുണ്ട് എന്ന് തീരുമാനിക്കാം. ഭൂതകാലത്തിന്റെ ചില വിശ്വാസങ്ങൾ വർത്തമാനകാലത്തിലേക്ക് പറിച്ചുനടുമ്പോൾ ഉണ്ടാകാവുന്ന കാലപരവും സ്ഥലപരവുമായ വൈരുദ്ധ്യങ്ങൾ ചിരിക്കുകാരണമാകുന്നു. ഈ ചിരി സമൂഹത്തിന്റെ പിടിപ്പുകേടിനെതിരെയുള്ള ആയുധമായി ചില എഴുത്തുകാർ ഉപയോഗിക്കും. അക്കൂട്ടത്തിൽപ്പെടുന്ന ഒരു യുവകഥാകൃത്താണ് ബി.മുരളി. കോടതി "വരാന്തയിലെ കാഫ്ക" എന്ന മുരളിയുടെ മൂന്നാമത്തെ ചെറുകഥാസമാഹാരവും ഈ വസ്തുതയാണ് അടിവരയിട്ടുറപ്പിക്കുന്നത്. 'കാലൻ ചരിത്രം' എന്ന ആദ്യലഘുകഥ തന്നെ മുരളിയുടെ രചനാപരമായ നിലപാട് വ്യക്തമാക്കുന്നുണ്ട്.

"സഞ്ചിയും കക്ഷത്തുവെച്ചുകൊണ്ട് പച്ചക്കറിയും മത്തിയും വാങ്ങിക്കാൻ ഞാൻ ചന്തയിലേക്കു പോകുന്ന ഈ വഴിയിലൂടെയാണല്ലോ മാർത്താണ്ഡവർമ്മ എട്ടുവീട്ടിൽ പിള്ളമാരെ ഇട്ടോടിച്ചത് എന്ന് ഓർക്കുമ്പോഴാണ് കാലത്തിന്റെ ഒരു മിടുക്ക് അംഗീകരിച്ചു പോകുന്നത്"

രമേശൻ നായർ എന്ന ഒരു സർക്കാർ ജീവനക്കാരന്റെ ജീവിതത്തിൽ അപ്രതീക്ഷിതമായി കടന്നു വന്ന ഒരു സമൻസ് പ്രശ്നം ആധുനികതയുടെ ദാർശനിക പരിസരത്തിൽ വെച്ചു പരിശോധിക്കുന്ന കഥയാണ് കോടതി വരാന്തയിലെ കാഫ്ക. കഥവായിച്ചു പോകുന്ന ഒരാൾക്ക് കാഫ്കയുടെയും കാമുവിന്റെയും ദാർശനിക ചിന്തകളുടെ നിഴലാട്ടം രമേശൻനായരുടെ ജീവിതത്തിൽ കണ്ടെത്താം. കഥയുടെ അവസാന ഭാഗത്താകട്ടെ അയാൾ കാഫ്കയെ കോടതിവരാന്തയിൽ കണ്ടുമുട്ടുന്നു. കഴിഞ്ഞ കാലത്തിന്റെ ഏററവും വലിയ ദാർശനിക വ്യഥയും വർത്തമാനകാലത്തിന്റെ ജീവിതവ്യഥയും ചേർത്തു വെച്ചുള്ള ആഖ്യാനരീതി കഥയ്ക്കു നൽകുന്ന അന്തരീക്ഷം ലഘുവല്ല. ഇതുപോലെ 'എടാ ഇരുളാ വിഴുങ്ങ്' എന്നകഥയിലെ ബാറിൽ ഇരിക്കുന്ന ഒരു വിഭാഗത്തിന്റെ സംഭാഷണവും വെയിററുടെ പ്രികരണവും ശ്രദ്ധിക്കുക. "ദരീദ", "നേരത്തെ പറഞ്ഞത്" എന്നീ വാക്കുകൾ കേട്ടിട്ടാവണം, "കടലപ്പരിപ്പിന് പറഞ്ഞില്ലല്ലോ സാർ" എന്ന് അടുത്തു നിന്ന വെയിററർ സൂചിപ്പിച്ചു" ജീവിതത്തിന്റെ പരിണാമഗുപ്തിയിൽ നടക്കുന്ന ഹിച്കോക്കിയൻ ഇടപെടലിനെക്കുറിച്ച് പറയുന്ന "എന്നിട്ടോ?" എന്ന രചനയുടെ ഈ സമാഹാരത്തിൽ ശ്രദ്ധേയമാണ്.

വർത്തമാനകാലത്തിന്റെ പൊള്ളത്തരങ്ങളും സത്യസന്ധതയില്ലായ്മയും അറിയുന്ന എഴുത്തുകാരൻ അതിനെതിരെ പ്രതികരിക്കാൻ ശ്രമിക്കുന്നു. മൂല്യബോധത്തിലൊന്നും അത്ര താല്പര്യമില്ലാത്ത പുതിയ തലമുറയും അതുമാത്രമാണ് ജീവിതലക്ഷ്യം എന്ന് വിശ്വസിച്ചിരുന്ന മുൻതലമുറയും ഒരേ ലോകം പങ്കുവെയ്ക്കുമ്പോഴുണ്ടാകുന്ന പങ്കപ്പാടുകൾ വായനക്കാരന് മനസ്സിലാകുന്നു. എഴുത്തുകാരനും വായനക്കാരും ചേർന്നുണ്ടാക്കുന്ന ഒരു അന്തരീക്ഷമാണ് മുരളിയുടെ കഥകൾക്ക് ജീവൻ നൽകുന്നത്. അടുത്തയിടെ പ്രസിദ്ധീകരിച്ച "ചവർഗം താലവ്യമോ?" എന്ന കഥയും ഇക്കാര്യം തന്നെ പറയുന്നു.

പറഞ്ഞു പഴകിയ ശീലത്തിൽ നിന്നും വിട്ടുമാറാൻ മുരളി ശ്രമിക്കുന്നുണ്ട്. അതിനായി കണ്ടെത്തുന്ന ആഖ്യാനരീതിയാണ് മുരളിയുടെ കഥകൾ. മൂന്നുസമാഹാരങ്ങൾ പ്രസിദ്ധീകരിച്ച സ്ഥിതിക്ക് മുരളി ഇനിയും ഇതേ രീതി പിന്തുടരുന്നത് അഭികാമ്യമായിത്തീരുമോ എന്ന് സംശയമാണ്. ഇതിനുത്തരം നൽകുന്നതായിരിക്കും ഈ ചെറുപ്പക്കാരന്റെ അടുത്ത സമാഹാരം എന്നു കരുതാം. ■

പ്രസാധകർ: സങ്കീർത്തനം പബ്ലിഷേഴ്സ്, കൊല്ലം
വില: 55 രൂപ

# വനിതാ കമ്മീഷനെ നോക്കുകുത്തിയാക്കരുത്

**ഡോ. ആർ. ബി. രാജലക്ഷ്മി**
*എം.ജി. കോളജ്, തിരുവനന്തപുരം*

**കേ**രളത്തിൽ കഴിഞ്ഞ ഒന്നുരണ്ടു ദശാബ്ദക്കാലമായി സ്ത്രീപീഡനങ്ങളുടെ സംഖ്യ റെക്കോഡുവേഗതയിലാണ് വർദ്ധിച്ചുകൊണ്ടിരിക്കുന്നത്. പതിനായിരക്കണക്കിനു കേസുകൾ തീർപ്പു കൽപ്പിക്കാതെ വിധിയും കാത്തു കിടക്കുന്ന വേളയിലാണ് ഈ പ്രതിസന്ധിക്ക് ഒരു പരിഹാരമെന്നോണം കേരളത്തിൽ ഒരു വനിതാ കമ്മീഷനും രൂപം നൽകിയത്. കെ. ആർ.ഗൗരിയമ്മ രൂപം നൽകിയ നിയമം മുൻ ആന്റണി ഗവ: ഭരണത്തിന്റെ കാലാവധി കഴിയാറായ കാലഘട്ടത്തിലാണ് 7 അംഗ കമ്മീഷനും രൂപം നൽകിയത്. തുടർന്നു വന്ന ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് ഒട്ടേറെ കേസുകൾക്കു തുമ്പുണ്ടാക്കാൻ കമ്മീഷന് കഴിഞ്ഞിരുന്നു. വിധി പ്രസ്താവിയ്ക്കലും ശിക്ഷനടപ്പാക്കലും നിർബാധം തുടർന്നു പോന്നെങ്കിലും കേസുകളുടെ എണ്ണം പെരുകുന്നതല്ലാതെ കുറയുന്നതായി കമ്മീഷനു ബാധ്യപ്പെട്ടില്ല. കേസുകൾ അനുദിനം കുന്നുകൂടി കൊണ്ടിരിക്കുന്ന ഘട്ടത്തിലാണ് കമ്മീഷന്റെ അംഗസംഖ്യ കുറയ്ക്കാനുള്ള പുതിയ തീരുമാനം.

ഇടതുപക്ഷഭരണം മാറി ആന്റണി സർക്കാർ വീണ്ടും അധികാരത്തിൽ വന്നു. അധികാരവും പണവും ഇടതുപക്ഷ സർക്കാർ ദുർവിനിയോഗം ചെയ്തുവെന്ന് നുണക്കഥകൾ പരത്തിയാണ് പല പല കോഴക്കേസുകളിൽ പ്രതികളായ യു.ഡി.എഫ് നേതാക്കൾ അധികാരത്തിൽ വന്നത്. ചെലവ് ചുരുക്കി സംശുദ്ധമായ ഭരണം കാഴ്ചവെയ്ക്കുമെന്നൊക്കെ പ്രഖ്യാപിച്ചുകൊണ്ട് ഭരണത്തിലേറിയ മുഖ്യൻ മന്ത്രിമാരുടെ എണ്ണം വർദ്ധിപ്പിച്ചുകൊണ്ടാണ് ഗണപതിക്കു കുറിച്ചത്. തുടർന്ന് ജനദ്രോഹകരമായ നയങ്ങൾ അടിക്കടി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. പൊതുവിതരണ സമ്പ്രദായത്തെ അട്ടിമറിച്ചതും സബ്സിഡി നിർത്തലാക്കിയതും പാവങ്ങൾ പഠിക്കുന്ന സർക്കാർ സ്കൂളുകൾ അടച്ചു പൂട്ടാൻ തീരുമാനിച്ചതും സർക്കാരാശുപത്രികളുടെ പ്രവർത്തനം സ്വകാര്യ ഏജൻസികൾക്കു കൈമാറാൻ തീരുമാനിച്ചതും അങ്ങനെ എത്രയെത്ര ജനോപകാരപ്രദമായ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്! ഇല്ലാത്ത ഗ്രൂപ്പുകളിയെപ്പററി ഘോരഘോരം പ്രസംഗിച്ചിരുന്നവരും അതിന് റാൻ മൂളിയിരുന്ന കുത്തകമാധ്യമങ്ങളും ഇന്നു നടക്കുന്ന ഗ്രൂപ്പുകളിയും കയ്യാങ്കളികളും കണ്ടില്ലെന്നു വിശ്വസിക്കുന്നതെങ്ങനെ? ഭരണകക്ഷികൾ തമ്മിൽ നടത്തുന്ന ഗോഗ്വാ വിളികളും പരസ്യ പ്രസ്ഥാവനകളും കേട്ട് ജനം മടുത്തുതുടങ്ങിയിരിക്കുന്നു. ഇതിനെല്ലാമിടയിൽ അതീവ രഹസ്യമായി നടത്തിയ കോഴിക്കോഴയും കുംഭകോണങ്ങളും ഓരോന്നായി പുറത്തുവന്നുകൊണ്ടിരിക്കുന്നു. കോഴവിവാദത്തെക്കാൾ ലജ്ജാവഹമായ പീഢനക്കഥകളും പരസ്യമാവുന്നു. വേലി തന്നെ വിളവുതിന്നാൻ തുടങ്ങിയാൽ പാവം ജനങ്ങൾ എന്തു ചെയ്യും?

ജനദ്രോഹ നടപടികളുടെ അടുത്ത ഇനം വനിതാ കമ്മീഷൻ അംഗങ്ങളെ പിരിച്ചു വിടാനുള്ള തീരുമാനമാണ്. കഴിഞ്ഞ കാലങ്ങളിൽ സ്ത്രീകളുടെ ആശ്വാസകേന്ദ്രമായി പ്രവർത്തിച്ച് അവരിൽ ഒട്ടൊക്കെ വിശ്വാസം ജനിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരുന്ന കമ്മീഷന്റെ പ്രവർത്തനത്തെ ഇത്രപെട്ടെന്ന് കൂച്ചുവിലങ്ങിടാൻ സർക്കാർ തീരുമാനിച്ചതും ഒന്നൊന്നായി പുറത്തു വന്നു കൊണ്ടിരിക്കുന്ന സ്ത്രീപീഡനകേസുകളും ജനം കൂട്ടിവായിച്ചാൽ അവരെ കുററപ്പെടുത്താനാവില്ല. വലയിൽ കുടുങ്ങുന്നതു വമ്പൻ സ്രാവുകളാണെങ്കിൽ വല അറുത്തുമുറിക്കയേ നിവൃത്തിയുള്ളൂ എന്നു കരുതിയിരിക്കാം. അവരെ രക്ഷിയ്ക്കേണ്ട ചുമതല ഒരു ജനാധിപത്യ സർക്കാരിനല്ലെങ്കിൽ പിന്നെ ആർക്കാണ്?

ചരിത്ര കൗൺസിൽ പിരിച്ചുവിട്ടതുപോലെ വനിതാ കമ്മീഷനും പിരിച്ചുവിടില്ലെന്നാരുകണ്ടു. അങ്ങനെ വന്നാൽ കുന്നുകൂടുന്ന കേസുകളുടെ ഗതിയെന്താവും? സ്ത്രീ ശാക്തീകരണ വർഷമെന്നു കൊട്ടിഘോഷിക്കുകയും സ്ത്രീവിരുദ്ധ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതിലെ വൈരുദ്ധ്യം നാം തിരിച്ചറിയണം. ഇത്തരം തെററായ നടപടികൾക്കെതിരെ നാം ജാഗ്രത പാലിക്കയും സംഘടിത പ്രസ്ഥാനങ്ങളുടെ സഹായത്തോടെ ശക്തമായ പോരാട്ടങ്ങൾ നടത്താൻ തയ്യാറാവുകയും വേണം. ■

# Kerala Government Downsizing Staff

**Dr.P.S.Mohana Kumar**
*S.S. College, Kalady*

The basic economics is "Create jobs to raise overal, demand in the economy". Employment is a forgotten word now. From a pure utilitarian view point, unless you keep creating jobs, you cannot keep the demand up in the economy. Job pronouncements are now a days restricted on Independence Day and Republic Day. Job generation is absolutely necessary for economic growth, let it be in government or non-government sector, organised or unorganised scetor, agricultural or industrial sector.

As a part of expenditure reduction programme, Kerala Government will downsize staff. About 80,000 workers have been identified as idle and excess by the Government. Unless job opportunities are created elsewhere, relying on Keynesian economics, one can conclude that Kerala economic crisis are not far off.

## *Uneconomic Schools*

The following are the data released by the Government regarding the state of uneconomic schools; measured in terms of student enrolment of less than 25 students in L.P., U.P. and High School classes and less than 15 students in Sanskrit and Arabic Schools.

| Year | Uneconomic Schools |
|---|---|
| 1992 | 170 |
| 1999 | 1950 |
| 2000 | 2244 |

| | |
|---|---|
| Uneconomic L.P. Schools | 1926 |
| Uneconomic U.P. Schools | 282 |
| Uneconomic-High Schools | 36 |
| Uneconomic-Govt. Schools | 993 |
| Uneconomic Aided Schools | 1251 |
| Uneconomic L.P. Schools in Pathanamthitta Dist | 293 (Highest) |
| Uneconomic L.P.Schools in Kottayam Dist | 268 |
| Protected Teachers | 24000 |

## *Income Tax - New Proposals*

The Government of India amended Rule 3 of Income Tax Rule 1962 and the following perquisites are to be added to your taxable income.

***I. Perquisites on accommodation, furniture, conveyance provided by the employer***

a. Accommodation owned by the employer. You have to pay 10% of salary as tax in cities (Population 4 lakhs and above) and 7.5% as tax in other places less rent recovered from salary is taxable.
b. For accommodation taken on lease the actual rent paid by the employer or 10% of salary less rent recovered from salary, whichever is lower is taxable.
c. For furniture supplied to the employee by the employer 10% of original cost of furniture, less recovery from salary is taxable.

# സർവ്വീസ് പംക്തി

? എന്റെ ജനന തീയതി ഫെബ്രുവരി മാസത്തിലാണ്. 31.3.2002 ൽ സർവ്വീസിൽ നിന്നും വിരമിക്കുന്നു. 2002 ജനുവരി 21-ാം തീയതി മുതൽ മാർച്ച് 15 വരെ Commuted leave എടുക്കുന്നതിന് തടസ്സമുണ്ടോ?

***ശ്രീ. രാമഭദ്രൻ, കൊടുങ്ങല്ലൂർ***

= തടസ്സമില്ല. 55 വയസ്സ് പൂർത്തിയാകുന്നതിന് മുൻപ് ഒരു അധ്യാപകന്റെ അവധി ആരംഭിക്കുകയും ആ അവധിയുടെ കാലയളവ് 55 വയസ്സ് പൂർത്തിയായതിനുശേഷം, എന്നാൽ വിദ്യാലയ വർഷത്തിനു മുമ്പ് ഏതെങ്കിലും തീയതിൽ മാത്രം അവസാനിക്കുകയും ചെയ്യുന്ന പക്ഷം ആ അദ്ധ്യയന വർഷാവസാനം വരെ സേവനത്തിൽ തുടരാവുന്നതാണ്. ഇപ്രകാരം അവധി എടുത്തവർ വിദ്യാലയ വർഷാവസാനം തിരികെ ജോലിയിൽ പ്രവേശിച്ചിരിക്കണം.

ഈ ആനുകൂല്യം 1-6-98 പ്രാബല്യത്തിൽ പിൻവലിച്ചുകൊണ്ടുള്ള ഉത്തരവ്. 26-3-98 ൽ ഇറക്കിയെങ്കിലും പ്രസ്തുത ഉത്തരവ് അതേ തീയതി പ്രാബല്യത്തിൽ റദ്ദു ചെയ്യുകയും ചെയ്തു.

? State Scale ൽ തുടരുന്ന (Basic Pay Rs 7550) ഞാൻ ക്ഷയരോഗ ചികിത്സക്കായി സർക്കാർ ആശുപത്രിയിൽ Admit ആകുകയും 19-11-2001 മുതൽ ഒരു മാസത്തേക്ക് Leave without allowance എടുക്കുകയും ചെയ്തു. ആ leave period എനിക്ക് Exgratia allowance ന് അർഹത ഉണ്ടോ?

***ശ്രീ. ജോർജ് ജോസഫ്, പെരിന്തൽമണ്ണ***

= അവധിക്ക് തൊട്ടുമുമ്പ് പ്രതിമാസം 7800 രൂപയോ അതിൽ കുറവോ മാത്രം Basic Pay വാങ്ങുന്ന ഉദ്യോഗസ്ഥൻ ക്ഷയത്തിനോ, കുഷ്ഠത്തിനോ, കാൻസറിനോ, മാനസികരോഗത്തിനോ ചികിത്സക്കായി LWA എടുത്താൽ പ്രതിമാസം ഏററവും കുറഞ്ഞത് 1820 രൂപ, പരമാവധി 2730 രൂപ എന്നീ വ്യവസ്ഥകൾക്ക് വിധേയമായി അയാളുടെ Basic Pay യുടെ 35 ശതമാനം Exgratia allowance നൽകാവുന്നതാണ്. ഇത് അനുവദിക്കുന്നത് താഴെ പറയുന്ന വ്യവസ്ഥകൾ പ്രകാരം ആയിരിക്കും.

(a) അവധി എടുക്കുന്ന ആളിന്റെ കണക്കിൽ യാതൊരവധിയും ഉണ്ടായിരിക്കരുത്.
(b) അപേക്ഷകന് ഒരുവർഷത്തിലധികം തുടർച്ചയായ സർവ്വീസുണ്ടായിരിക്കണം.
(c) ചികിത്സാകാലം കാണിക്കുന്ന മെഡിക്കൽ സർട്ടിഫിക്കററ് ഹാജരാക്കണം.
(d) സ്ഥിരം ജീവനക്കാർക്ക് ആകെ സേവനകാലത്തിനുള്ളിൽ പരമാവധി 36 മാസത്തേക്ക് മാത്രമേ exgretia allowance നൽകാൻ പാടുള്ളു. ■

വായനക്കാരുടെ സർവ്വീസ് സംബന്ധമായ ചോദ്യങ്ങൾക്ക് മറുപടി ലഭിക്കുന്നതിന് എഴുതുക.

**Prof. T. N. മനോഹരൻ**

വടയക്കാട് ഹൗസ്, കുന്നുകുഴി പി. ഒ, തിരുവനന്തപുരം-37.

## *II. Interest Free or Concessional Loans*

For all interest free on interest subsidy and for all types of concessional loans, you are liable to pay tax as per the new amendment.

a. Group I (Housing and Vehicle Loan)

10% simple interest on monthly last day balance less actual interest paid is taxable.

b. Group II (All other Loans)

For all other concessional loans 13% simple interest on monthly last day balance less actual interest is taxable hereafter.

Note: If aggregate loan amount is less than Rs.20000, then nothing will be treated as perquisites. All those who avail concessional loans above Rs.20000 have to pay tax for the concession rate he or she enjoys.

## *Elite Club Members (A - 1 Class City)*

Bangalore, India's IT capital joins the elite club of metropolitan cities. The other members are Mumbai, Kolkata, Delhi and Chennai. The bench mark for qualifying as an A-1 class city is 5 million population. As per census 2001, the total population of Bangalore is 5.68 million. IT boom and its impact on a host of related industries has attracted hordes of immigrants to Bangalore city. The city also attracted many students pursuing engineering and nursing skills. Bangalore is also hailed as the city with the second highest literacy, next only to Mumbai. ■

ഡോ. എം. ആർ.സുദർശനകുമാർ
രസതന്ത്ര വിഭാഗം, എം.ജി.കോളജ്, തിരുവനന്തപുരം

# 2001 ലെ പ്രധാന ശാസ്ത്രനേട്ടങ്ങൾ

അന്താരാഷ്ട്ര ശാസ്ത്ര ജേർണലായ 'സയൻസ്' കഴിഞ്ഞ വർഷത്തെ ഏററവും പ്രധാനപ്പെട്ട പത്തു ശാസ്ത്രനേട്ടങ്ങൾ തെരഞ്ഞെടുത്തു. അമേരിക്കൻ അസോസിയേഷൻ ഫോർ ദ അഡ്വാൻസ്മെന്റ് ഓഫ് സയൻസസ് (AAAS) പ്രസിദ്ധീകരിക്കുന്ന ജേർണലാണ് 'സയൻസ്'

## തന്മാത്രാ കംപ്യൂട്ടറുകൾ

തന്മാത്രാ തലത്തിലുള്ള കംപ്യൂട്ടിംങ് സാധ്യമായതാണ് കഴിഞ്ഞ വർഷത്തെ ഏററവും പ്രധാന നേട്ടമായി എഡിററർമാർ തെരഞ്ഞെടുത്തത്. അടിസ്ഥാന കംപ്യൂട്ടിംങ് നിർവഹിക്കാൻ കഴിവുള്ള കോടിക്കണക്കിനു തന്മാത്രാതലത്തിലുള്ള സാമഗ്രികൾ ഇന്നത്തെ ഒരു കംപ്യൂട്ടർ ചിപ്പിൽ ഉൾക്കൊള്ളിക്കാൻ കഴിയും. ഭാവിയിൽ തന്മാത്രാ കംപ്യൂട്ടറുകൾ വളരെ വേഗത്തിൽ കംപ്യൂട്ടിംങ് സാധ്യമാക്കുന്ന ഏററവും ചെറുതും ശക്തവുമായ സാമഗ്രികളായി മാറാമെന്നു നിസംശയം പറയാം.

## ആർ.എൻ.എ.യുടെ പരിണാമം

ആർ.എൻ.എ യുടെ പുതിയ ധർമ്മങ്ങൾ അനാവരണം ചെയ്യപ്പെട്ടത് കഴിഞ്ഞ വർഷത്തെ നേട്ടങ്ങളുടെ പട്ടികയിൽ രണ്ടാമത്തെ പ്രധാനനേട്ടമായി പരിഗണിക്കപ്പെട്ടു. റൈബോന്യൂക്ലിക് ആസിഡിന്റെ ചുരുക്കമാണ് ആർ.എൻ.എ. ഇവ പ്രോട്ടീൻ സംശ്ലേഷണത്തിൽ പ്രധാന പങ്കുവഹിക്കുന്നു. ആർ.എൻ.എ യുടെ ചെറുകഷണങ്ങൾക്ക് സസ്യങ്ങളിലെ ജീനുകളെ നിശബ്ദരാക്കുവാൻ കഴിവുണ്ടെന്ന് നേരത്തെ കണ്ടെത്തിയിരുന്നു. ഇത് എലികളിലും മനുഷ്യരിലും സാധ്യമാണെന്ന് കഴിഞ്ഞ വർഷം കണ്ടെത്തി.

*ഇനി വിവിരിക്കുന്നവ അവയുടെ പ്രാധാന്യത്തിന്റെ ക്രമത്തിലല്ല കൊടുത്തിരിക്കുന്നത്.*

## സൂര്യന്റെ നിഗൂഢതയുടെ കുരുക്കഴിയുന്നു.

സൂര്യനിലെ ആണവ ചൂളയിൽ നിന്നും നിർഗമിക്കുന്ന കണങ്ങളാണ് ഇലക്ട്രോൺ ന്യൂട്രിനോകൾ. കണക്കുകൂട്ടിയതിനേക്കാൾ വളരെ കുറച്ച് ന്യൂട്രിനോകൾ മാത്രമേ ഇതുവരെ കണ്ടുപിടിക്കാൻ സാധിച്ചിട്ടുള്ളൂ. ഇതെന്തുകൊണ്ടാണെന്ന് ന്യൂട്രിനോ ഒബ്സർവേററിയിലെ ശാസ്ത്രജ്ഞർ കഴിഞ്ഞ വർഷം കണ്ടെത്തി. ന്യൂട്രിനോകൾ അപ്രത്യക്ഷമാകുന്നതല്ല മറിച്ച് ആൾമാറാട്ടം നടത്തുന്നതാണെന്നവർ സ്ഥാപിച്ചു. സൂര്യന്യൂട്രിനോകൾ മ്യൂവോൺ, ടൗഓ (muon. tau) എന്നീ കണങ്ങളായി മാറുന്നതുകൊണ്ടാണ് അവയെ തിരിച്ചറിയാൻ സാധിക്കാതിരുന്നതെന്ന് അവർ സ്ഥിരീകരിച്ചു.

## ജിനോം പ്രോജക്ടുകൾ

രണ്ടു ഗ്രൂപ്പുകൾ സ്വതന്ത്രമായി മനുഷ്യ ജിനോം അനാവരണം ചെയ്തപ്പോൾ നമുക്ക് 35000 ജീനുകൾ മാത്രമേയുള്ളൂ എന്നു വ്യക്തമായി. രോഗം പരത്തുന്ന നിരവധി സൂക്ഷ്മജീവികളുൾപ്പെടെ അറുപതു ജീവികളുടെ ജിനോം ഇപ്പോൾ അനാവരണം ചെയ്യപ്പെട്ടിട്ടുണ്ട്. മലേറിയ പരത്തുന്ന കൊതുക്, സീബ്രാഫിഷ്, എലി എന്നിവയുടെ ജിനോം കണ്ടെത്താനുള്ള ഗവേഷണം നടന്നു കൊണ്ടിരിക്കുന്നു.

## സൂപ്പർ കണ്ടക്ടറുകൾ

ഒരു സാധാരണ രാസപദാർത്ഥമായ മഗ്നീഷ്യം ഡൈബോറൈഡ് (Magnesium diboride) 39 K ൽ (-234° C) സൂപ്പർ കണ്ടക്ടറാകുമെന്നും ബക്കിബാളുകൾ (Bucky balls) 117K ൽ (-156° C) സൂപ്പർ കണ്ടക്ടറായി പ്രവർത്തിക്കുമെന്നും കഴിഞ്ഞ വർഷം കണ്ടെത്തി. ഉയർന്ന ഊഷ്മാവിലെ പുതിയ സൂപ്പർ കണ്ടക്ടറുകൾ കണ്ടുപിടിക്കാനുള്ള ശ്രമത്തിന് ഈ കണ്ടെത്തലുകൾ പ്രേരണയാകും.

# OXFORD
## UNIVERSITY PRESS
### *New Books Released in Dec' 2001*

| | | | | | | |
|---|---|---|---|---|---|---|
| Business studies | 415087236 | SPARK & FINDLAY | RETAILING (BK SET) | 575 | STG | Q |
| Economics | 0195658469 | 3INETWORK | INDIA INFRASTRUCTURE REP 2002 | 495 | INR | |
| Economics | 0195797647 | HAQ | HUM DEV IN SOUTH ASIA 2001 H | 395 | INR | |
| History | 0195796349 | AFZAL, M RAFIQUE | PAK:HIST & POLITICS 1947-71 | 595 | INR | |
| History | 0195653718 | BASU SHAMITA | REL REVIVALISM AS NATIONALIST | 525 | INR | |
| History | 0195659066 | CHATTERJEE | GENDER, SLAVERY AND LAW (OIP) | 295 | INR | |
| History | 095642392 | CHATTOPADHYAY | KOSAMBI: COMBINED METHODS | 995 | INR | |
| History | 0195660501 | GUHA, RANAJIT | ELEMENTARY ASPECTS (OIP) | 325 | INR | |
| History | 0195656512 | MICHELL, GEORGE | PATTADAKAL | 395 | INR | |
| History | 0195658507 | PAGE, KHOSLA | THE PARTITION OMNIBUS | 750 | INR | |
| History | 0195654331 | VARGHESE, ANILA | HAMPI | 395 | INR | |
| Language | 0198603894 | ROWLINSON | OXF GERMAN DICT & GRAMMAR 2/E | 345 | INR | |
| Law | 0195652894 | BAXI, UPENDRA | THE FUTURE OF HUMAN RIGHTS | 495 | INR | |
| Law | 0195655354 | POONAWALA | PILLARS OF ISLAM | 875 | INR | |
| Law | 0195655435 | SATHE,S.P | JUDICIAL ACTIVISM | 595 | INR | |
| Literature | 0195796241 | ABBASI, TALAT | BITTER GROUND AND OTHER STORIES | 295 | INR | |
| Literature | 0195796047 | MANTO | FOR FREEDOM SAKE | 250 | INR | |
| Literature | 0195650840 | ORSINI | HINDI PUBLIC SPHERE 1920-1940 | 695 | INR | |
| Literature | 1095653009 | RAO &SHULMAN | CLASSICAL TELUGU POETRY | 645 | INR | |
| Philosophy | 0195650867 | MOHANTY,JN | EXPLORATION IN WESTERN PHILOSO | 495 | INR | |
| Politics | 0195929764 | ADB | ASIAN DEVELOPMENT OUTLOOK 2001 | 745 | INR | |
| Politics | 0195795601 | GOHARI | TALIBAN:ASCENT TO POWER | 295 | INR | |
| Politics | 0195797167 | JAWED | ISLAM'S POLITICAL CULTURE HB | 495 | INR | |
| Politics | 019579656x | KUX, DENNIS | THE US & PAK 1947-2000-HB | 595 | INR | |
| Politics | 0195795385 | MALIK | MAKING OF THE PAK RESOLUTION | 495 | INR | |
| Politics | 0195792742 | MATINUDDIN | TALIBAN PHENOMENON | 295 | INR | |
| Politics | 0195658272 | NANDA,B.R | GANDHI:PAN-ISLAMISM | 395 | INR | |
| Politics | 0195656490 | NANDA,B.R. | INSEARCH OF GANDHI | 595 | INR | |
| Religion | 0195794117 | KHAN | RESSERTING INTL. ISLAM HB | 650 | INR | |
| Sociology | 0195795725 | AMJAD, ALI | LABOUR LEGIS. & TRAD UNI IN IN | 350 | INR | |
| Sociology | 0415224993 | GOULBOURNE | RACE AND ETHNICITY | 450 | STG | |
| Sociology | 0415212723 | PLUMMER | SEXUALITIES-MAJOR WORK | 450 | STG | |
| Sociology | 019565174x | SRINAVAS,MN | COLLECTED ESSAYS | 830 | INR | |
| Sociology | 0195657764 | T K OOMMEN | PLURALISM, EQUALITY & IDENTITY | 475 | INR | |
| Trade Books | 0195661117 | LAFONT | MAHARAJA RANJIT SINGH | 1500 | INR | |
| Trade Books | 0195655591 | PEREIRA, JOSE | CHURCHES OF GOA | 395 | INR | |

Book your copies at:

**Oxford University Press Kesava Building, I st Floor, TC No. 25/1437 (2) Thampanoor, Trivandrum- 1, ph: 330995**

## ന്യൂട്രോൺ ട്രാഫിക് സിഗ്നലുകൾ

ഒരു നാഡീകോശത്തിന്റെ നാരുപോലുള്ള നീണ്ട വളർച്ചയാണ് ആക്സോൺ (axon) ഇതു വഴിയാണ് നാഡീകോശത്തിൽ നിന്നും നാഡീ ആവേഗങ്ങൾ പ്രസരിക്കുന്നത്. വികസിക്കുന്ന നാഡീവ്യവസ്ഥയിൽ ആക്സോണുകൾ എവിടെയാണ് വളരേണ്ടതെന്ന് മനസ്സിലാക്കുന്നതെങ്ങനെ എന്നതിന് ശാസ്ത്രജ്ഞർക്ക് അറിവു ലഭിച്ചു. കേടുപാടു സംഭവിച്ച നാഡിയെ നന്നാക്കുവാൻ ഈ അറിവ് സഹായകരമാകും.

## കാൻസറിന് പുതിയ ഔഷധം

അമേരിക്കയിലെ ഫുഡ് ആന്റ് ഡ്രഗ്സ് അഡ്മിനിസ്ട്രേഷൻ (FDA) കാൻസർ ചികിത്സക്ക് ഗ്ലീവെക് (Gleevec) എന്ന ഔഷധം ഉപയോഗിക്കാൻ അനുമതി നൽകി. അർബുദ കോശങ്ങളുടെ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്ന എൻസൈമിനെതിരെ 'സ്മാർട്ട് ബോംബായി' പ്രവർത്തിക്കുന്ന ഔഷധമാണ് ഗ്ലീവെക്'. ഇതുപോലെ ധാരാളം മരുന്നുകൾ ഇപ്പോൾ ക്ലിനിക്കൽ ട്രയലുകളിലാണ്.

## ബോസ് - ഐൻസ്റ്റീൻ കണ്ടൻസേററുകൾ

1995 ലാണ് ദ്രവ്യത്തിന്റെ ഒരവസ്ഥയെ ബോസ്-ഐൻസ്റ്റീൻ കണ്ടൻസേററ് പരീക്ഷണശാലയിൽ ആദ്യമായി സൃഷ്ടിച്ചത്. 2001ലെ നോബൽ സമ്മാനവും അതിനായിരുന്നു. കഴിഞ്ഞ വർഷം ഹീലിയം കണ്ടൻസേററും ലിഥിയം, പൊട്ടാസ്യം കണ്ടൻസേററും ആദ്യമായി സൃഷ്ടിച്ചു.

## കാലാവസ്ഥയെക്കുറിച്ച് പൊതു സമ്മതം

കഴിഞ്ഞ അമ്പതു വർഷമായി ലോക താപമാനത്തിലുണ്ടായ വർദ്ധനവിനു കാരണം ഗ്രീൻഹൗസ് വാതകങ്ങളാണെന്നു കാലാവസ്ഥയെ സംബന്ധിച്ചുള്ള അന്താരാഷ്ട്ര സംഘടന (International Panel on Climate Change, IPCC) പ്രഖ്യാപിച്ചു. ഈ ഗ്രീൻഹൗസ് പ്രതിഭാസത്തിൽ മനുഷ്യരുടെ പങ്ക് അവഗണിക്കാനാവില്ലെന്ന് പഠനം വെളിപ്പെടുത്തി. താപമാനം വർദ്ധിപ്പിക്കുന്നതിൽ ഗ്രീൻഹൗസ് വാതകങ്ങളുടെ പങ്കിനെ കുറിച്ചുള്ള അവ്യക്തത, സാമ്പത്തിക ബാദ്ധ്യത എന്നീ കാരണങ്ങൾ പറഞ്ഞ് വായു മലിനീകരണം നിയന്ത്രിക്കുവാനുള്ള 'Kyoto Protocol' ൽ നിന്നും പിന്മാറിയതും കഴിഞ്ഞ വർഷമാണ്.

## കാർബൺ ചവറുകുഴി (Carbon sink)

ഏററവും കൂടുതൽ ഗ്രീൻഹൗസ് വാതകങ്ങൾ പുറത്തേക്കു വിടുന്ന രാജ്യമാണ് അമേരിക്ക. അതുപോലെ തന്നെ അവിടെ കാർബൺഡയോക്സൈഡ് ആഗിരണം ചെയ്യുന്ന സിങ്ക് (Sink) ഉണ്ടെന്നും കഴിഞ്ഞ വർഷം കണ്ടെത്തി. പുറപ്പെടുവിക്കുന്ന വാതകങ്ങളുടെ മൂന്നിലൊന്ന് ഈ സിങ്ക്' ആഗിരണം ചെയ്യുന്നതായി കഴിഞ്ഞ വർഷം കണ്ടെത്തി. ■

## ഡോക്ടറേററ് ലഭിച്ചു






കൊട്ടാരക്കര സെന്റ് ഗ്രിഗോറിയോസ് കോളജ് കൊമേഴ്സ് വിഭാഗം അധ്യാപകൻ **ശ്രീ. എം.ഈപ്പൻ വർഗീസിന്** കേരള സർവ്വകലാശാലയിൽ നിന്നും ഡോക്ടറേററ് ലഭിച്ചു. 'Marketting of Banking Service' എന്ന ഗവേഷണ പ്രബന്ധത്തിനാണ് Ph.D ലഭിച്ചത്. കേരള യൂണിവേഴ്സിററി കൊമേഴ്സ് വിഭാഗം റീഡർ ഡോ.സി.ഗണേഷിന്റെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.



കൊട്ടാരക്കര സെന്റ് ഗ്രിഗോറിയോസ് കോളജ് കെമസ്ട്രി വിഭാഗം അധ്യാപകൻ **ശ്രീ.ജി.സുരേഷ് ബാബുവിന്** കേരളാ സർവ്വകലാശാലയിൽ നിന്നും ഡോക്ടറേററ് ലഭിച്ചു. "Metal Complexes of Some Antipyrine Derivatives" എന്ന ഗവേഷണ പ്രബന്ധത്തിനാണ് Ph.D ലഭിച്ചത്. കേരള യൂണിവേഴ്സിററി കെമസ്ട്രി വകുപ്പ് മുൻ മേധാവി ഡോ.സി.പി.പ്രഭാകരൻെറ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.



**Mr. A.Abdul Aziz,** Lecturer, T.K.M. College of Arts & Science, Kollam, who was awarded the Ph.D degree in Islamic History by the University of Kerala for his thesis ""Expansion of Muslim Power in South India 1300-1700 A.D"". Under the guidance of Dr. K.T.Muhammed Ali.

# *BP - The Pressure of Life*

**M.J. Manoj**
*SN College, Varkala*

High blood pressure or hypertension is one of the most prevalent killer the world over. It is a potential risk factor causing heart, Kidney and cerebral diseases. It shows none or very mild symptoms that is usually passed on as mild physical disorders. The only symptom it shows are common ailments like headaches, breathlessness on exertion of giddiness.

Blood flowing through the arteries exerts a certain amount of pressure on the walls of the arteries and this is called blood pleasure. When the heart beats is pumps blood into the arteries and the BP on the artery is highest when heart contracts. This is systolic pressure and when the heart is at rest between beats is diastolic pressure. When the systolic pressure exceeds normal limit which is 140 mm hg to 90 mm hg this results in high BP.

High BP if left untreated leads to many serious health disorders like brain hemorrhage, heart attract, kidney failure, damage to eyes.

The cause of high BP can be traced to be due to trmours of adrenal gland, chronic kidney diseases, hormone abnormalities, birth control pills pregnancy, heredity, obesity, sedentary life styles, excessive intake of alcohol etc.

It is necessary to check BP on a regular basis. Maintaining a healthy weight, being active, consuming low salt and sodium food, moderisation in alcohol consumption etc can reduced the chances of developing high BP.

## *The Figure of life*

In todays world of Fashion mania and figure consciousness it never sounds odd when people complain that they seem to put on weight first by looking at food.

Just give a look around you. You can notice that there are some people who are skinny irrespective of the quantity they eat, while others cannot stop putting on weight, even when they skip meals. This is because human are born with either a metabolic tendency to be a fat burner or a fat storer. The metabolic pathway of the fat stores get confused by the modern manufactured foods as high fructose corn-syrup and trans-fatty acids that are incorporated in the diet at an alarming rate. These are mistaken as fat and gets stored instead of being burnt up. Plus the good foods that help the keep our metabolism high like the greens, grains, vegetables, lean protein and fish are consumed less.

To maintain your figure and to change your exterior fat look first change the food instruction you give to your metabolism.

Food itself is the best remedy. Give your metabolism the raw materials it needs to start burning fat and building muscle. Every food you eat should work with your metabolism. It is essential to eat a little two to three hours skipping food will make your body hoard fat. Six small a day can remedy this.

Starch and refined foods must be reduced from your diet and fructose is to be avoided.

Develop strength by weight training as this will increase your fat burning efficiency and

boost your metabolism.

Higher protein and fibre intake is the winning combination to keep you learn and sleek. Proteain provides the amino acids you need to operate your metabolism and other vital system. Fibre in fruits and vegetables stimulates fat burning and helps to counteract the damaging effects of high glucose producing carbohydrates such as grains.

## *Indians, caught wrong footed*

The Indian cricket team have had taste of its own masala, when the unsporting match refree English man Mike Denness brought to book six Indian Cricketers for what he described as unsporting conduct. The offence; playing cricket on-field with a little bit flair and over enthusiasium.

The match refree for the Indian- SouthAfrica test series choose to react rather than act, Pick punishment over prevention and choose to play an executioner, rather than care taker. By his biased action it seems the white skinny man couldn't tolerate the brown bunch gain upperhand over his own race, the South Africians. "Racisim" was defined here by Denness through his action.

The punishment he imposed on Sachin Tendulkar, Virendra Sehwag, DeepDasgupta, S.S.Das, Haribajaran singh and Captain Saurav Ganguly of reduction of 75% of match fee and suspension, clearly showed double standards. The South African Jacque Kallis and Shaun Pollock were left scot free for a more severe field action.

Sports in our country is governed by mainly politicians. Selection to National team being zone or state wise and not performance wise. It also depends on the background of the player, his political affinity etc. Accountability is less in selection process because of the lack of expertice and involvement of administrators.

Associations like IOC, Football federation of India, BCCI etc are governed by full time politicians who offen know little on sports. This catalises the chances of double standards. Elite sportsman like legenday T.C. Yohannan, Olympian Suresh Babu, P.T. Usha and others are ignored National Champion in Athletic and Swimming. Kadumakutty going from house to house selling clothes for her bread and butter and many more like this. This is because of involvement of politics in our sports.

In International sports especially cricket the Englishmen and Austrialian govern at the helon . They have an upper hand in all the decisions. All South Africa Denness had curiously ignored every instance of a South African mouthing off at Indians. It is "Spirit of the game"; Selectively applied and it is easy to see why they will not end in world of sports. Sports should be a platform for cultural interaction and communal harmony and not an arena for racial bias. ■

## ബ്രാഞ്ച് സെക്രട്ടറിമാരുടെ ശ്രദ്ധയ്ക്ക്

ജേർണലിൽ പ്രസിദ്ധീകരിക്കാനുള്ള ലേഖനം, ചെറുകഥ, കവിത തുടങ്ങിയ സാഹിത്യ സൃഷ്ടികൾ, സർവ്വീസ് സംബന്ധമായ ചോദ്യങ്ങൾ, തീസിസ് അബ് സ്ട്രാക്ടുകൾ, വിജ്ഞാന പ്രദങ്ങളായ കുറിപ്പുകൾ, മററു വാർത്തകൾ, ഫോട്ടോകൾ, പരസ്യങ്ങൾ ഇവയൊക്കെ ചീഫ് എഡിററർക്ക് അയയ്ക്കുക.

**വാർഷിക വരിസംഖ്യ 50 രൂപ മാത്രം**

പരസ്യങ്ങൾക്കുള്ള താരിഫ് കാർഡുകൾ ജില്ലാ സെക്രട്ടറിയിൽ നിന്നോ മാനേജിംഗ് എഡിറററിൽ നിന്നോ ലഭിക്കുന്നതാണ്.

**ചീഫ് എഡിറററുടെ വിലാസം**

കെ. ജഗന്നാഥൻ നായർ, ററി. സി. 24/ 147, TSGRA 15, കൊച്ചുമഠം, തൈയ്ക്കാട് പി. ഒ., തിരുവനന്തപുരം -695 014, (ഫോൺ: 0471- 324372)

**മാനേജിംഗ് എഡിറററുടെ വിലാസം**

എസ്. ജയരാജ് കുമാർ ഗീതാഞ്ജലി, 79 ഉള്ളൂർ ഗാർഡൻസ്, കൊച്ചുള്ളൂർ., മെഡിക്കൽ കോളജ് പി.ഒ., തിരുവനന്തപുരം-695 011 (ഫോൺ: 0471-440004)

**ഓഫീസ്**

എ.കെ.പി.സി.ടി.എ സംസ്ഥാന കമ്മിററി ഓഫീസ്, മാതൃഭൂമി റോഡ്, വഞ്ചിയൂർ, തിരുവനന്തപുരം- 695 035, ഫോൺ: 0471- 463494

Fax No: 0471-468984
e-mail: akpcta@sify.com

R. No. 36025/81
No. 170

KERALA PRIVATE COLLEGE TEACHER

Registered. No. KL/TV (N) 35/2001
JANUARY 2002

# ആൻറണി സർക്കാരിൻെറ ദ്രോഹകരമായ തീരുമാനത്തിനെതിരെ അദ്ധ്യാപകരുടേയും ജീവനക്കാരുടേയും പ്രതിഷേധം



Edited, Printed and Published by S. Viswanathan, AKPCTA State Committee Office, Vanchiyoor, Thiruvananthapuram 35, Phone: 463494, Fax: 0471-468984, e-mail: akpcta@sify.com, at SB. Press (P) Ltd. College Lane, Thiruvananthapuram-1 Phone: 471904, Fax: 478013, Fax: 471904.
Typeset : Genial, Tvpm, Phone: 325789, Chief Editor: K. Jaganathan Nair